THE SYRO-MALANKARA CATHOLIC CHURCH
**MAJOR ARCHDIOCESE OF TRIVANDRUM**

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 3/2018

28 September 2018

## സർക്കുലർ

### ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 24-ാം ഓർമ്മപ്പെരുന്നാൾ

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

2018 ഒക്ടോബർ 10-ാം തീയതി ബുധനാഴ്ച ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 24-ാം ഓർമ്മപ്പെരുന്നാൾ ദിനമാണല്ലോ. വന്ദ്യപിതാവിനെ സ്നേഹാദരവുകളോടെ അനുസ്മരിക്കുവാനുള്ള അവസരം. 41 വർഷം മലങ്കര കത്തോലിക്കാസഭയ്ക്ക് നേതൃത്വം നൽകിയ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മലങ്കരസഭയുടെ ശുശ്രൂഷകൾ സമസ്ത മേഖലകളിലും വ്യാപിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് കാലോചിതമായ മാനംനൽകിയ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ശ്രേഷ്ഠമായ ശുശ്രൂഷകൾ ഈ കാലഘട്ടത്തിൽ പ്രത്യേകം പഠനവിഷയമാക്കേണ്ടതാണ്. തന്റെ അജപാലന ശുശ്രൂഷയിലൂടെ ദൈവത്തിനും ദൈവജനത്തിനും വേണ്ടി ആത്മാർപ്പണം ചെയ്ത പുരോഹിതനും, ദൈവജനത്തിന്റെ അധർമ്മവും അവിശ്വസ്തതയും ചൂണ്ടിക്കാണിച്ച് അവരെ ആന്തരിക പരിവർത്തനത്തിന് വിധേയനാക്കിയ പ്രവാചകനും, ദൈവജനത്തെ ദൈവീകാധികാരത്താൽ ദൈവത്തിങ്കലേക്ക് നിയന്ത്രിച്ച് നയിച്ച രാജാവുമായിരുന്നു ശ്രേഷ്ഠാചാര്യനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്.

ദൈവഹിതത്തിന് പ്രത്യുത്തരം നല്കികൊണ്ട് സന്ന്യാസ പൗരോഹിത്യാന്തസിലേക്ക് പ്രവേശിച്ച വന്ദ്യ പിതാവ് ക്രിസ്തുവാ

കുന്ന തായ്ത്തണ്ടിനോട് ചേർന്ന് നിന്ന് നിരന്തരം ശക്തി വലിച്ചെടുത്തിരുന്നു. തനിക്കും തന്റെ അജഗണത്തിനും വേണ്ടി രാപകലെന്യേ ആ ഹൃദയത്തിൽ നിന്ന് പ്രാർത്ഥനകൾ ഉയർന്നിരുന്നു. പുരോഹിതന്റെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ വിശ്വസ്തമായും പൂർണ്ണതയിലും നിറവേറ്റാൻ വേണ്ട ഊർജ്ജം പിതാവിന് സമ്മാനിച്ചത് പ്രാർത്ഥനയുടെ നിമിഷങ്ങളായിരുന്നു. സന്യാസത്തിന്റെ മൂശയിൽ സ്ഫുടം ചെയ്ത് പാകപ്പെടുത്തിയ ആ പ്രാർത്ഥനാജീവിതം എല്ലാവർക്കും മാതൃകയും പ്രചോദനവുമായിരുന്നു.

വിദ്യാഭ്യാസം, കൃഷി, തൊഴിൽ, ഭവനനിർമ്മാണം, ആതുര ശുശ്രൂഷ, സാമൂഹികസേവനം, പരിസ്ഥിതിസംരക്ഷണം, എക്യുമെനിസം, മതസൗഹാർദ്ദം തുടങ്ങിയ മേലകളിൽ അദ്ദേഹം നൽകിയിട്ടുള്ള നേതൃത്വം നാനാജാതി മതസ്ഥരായ അനേകർ ഇന്നും കൃതജ്ഞതയോടെ അനുസ്മരിക്കുന്നുണ്ട്.

മനുഷ്യനെ അവന്റെ സമഗ്രതയിൽ വീക്ഷിക്കാൻ പഠിപ്പിച്ച അദ്ദേഹം മനുഷ്യനിൽ മാത്രമല്ല ഈ മണ്ണിലും പ്രകൃതിയിലും ദൈവസാന്നിദ്ധ്യവും രഹസ്യാത്മകതയും ദർശിച്ചു. അതുകൊണ്ടാണ് മനുഷ്യനോടൊപ്പം ഈ പ്രപഞ്ചത്തേയും അദ്ദേഹം സ്നേഹിച്ചത്. കാർഷിക, വിദ്യാഭ്യാസ, വ്യാവസായിക-തൊഴിൽ, സാംസ്കാരിക രംഗങ്ങളിലെല്ലാം തന്നെ വ്യക്തിമുദ്ര പതിപ്പിച്ച തിരുമേനി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുൻനിരയിലായിരുന്നു. മലങ്കരയുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി എം.എസ്സ്.എസ്സ്.എസ്സ്. സ്ഥാപിച്ചുകൊണ്ട് അനേകർക്ക് ജീവിതവെളിച്ചം പകർന്നുനൽകുന്നു. നിറഞ്ഞുനിന്ന ദൈവസ്നേഹമായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ്സ്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

24-ാം ഓർമ്മപ്പെരുന്നാൾ ദിനത്തിന്റെ തലേദിവസം ഒക്ടോബർ 9 ചൊവ്വാഴ്ച വൈകുന്നേരം 5.00 മണിക്ക് എം.സി.എ. യുടെ നേതൃത്വത്തിൽ നാലാഞ്ചിറ സെന്റ് തോമസ് ദൈവാലയത്തിൽ നിന്നും വന്ദ്യ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് ശാന്തിയാത്ര ഉണ്ടായിരിക്കുന്നതാണ്. ഓർമ്മപ്പെരുന്നാൾ ദിവസം പട്ടം കത്തീഡ്രലിൽ രാവിലെ 6.30-ന് പ്രഭാതനമസ്കാരവും തുടർന്ന് വി. സമൂഹബലിയും കബറിങ്കൽ ധൂപപ്രാർത്ഥനയും നടക്കും.



ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 24-ാം ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടക്കുന്ന എല്ലാ ശുശ്രൂഷകളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും വന്ദ്യ പിതാവിനോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കുകയും ചെയ്യുക.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ വിനീത ശുശ്രൂഷി,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് 24-ാം ഓർമ്മപ്പെരുന്നാൾ

### പരിപാടികൾ

2018 ഒക്ടോബർ 9 ചൊവ്വ

5.00 pm : **ശാന്തിയാത്ര**
(നാലാഞ്ചിറ സെന്റ് തോമസ് ദൈവാലയത്തിൽ നിന്ന്)

6.30 pm : **സന്ധ്യാനമസ്കാരം**
**കബറിങ്കൽ ധൂപപ്രാർത്ഥന**

2018 ഒക്ടോബർ 10 ബുധൻ

6.30 am : **പ്രഭാതനമസ്കാരം**
**വി. സമൂഹബലി**
**ധൂപപ്രാർത്ഥന**
**നേർച്ചവിതരണം**

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*